**കണ്ണൂർ സർവകലാശാല**

താവക്കര സിവിൽ സ്റ്റേഷൻ പി. ഓ കണ്ണൂർ 670002

DSS/A1/62/2025 05.04.2025

**പ്രസിദ്ധീകരണത്തിന്**

2023 -25 വർഷത്തെ സേവന കാലാവധി പൂർത്തിയാക്കിയ നാഷണൽ സർവീസ് സ്കീം വളണ്ടിയർമാർക്കുള്ള ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ, കണ്ണൂർ സർവകലാശാല കലോത്സവത്തിലും, സോണൽ/നാഷണൽ തല കലോത്സവങ്ങളിലും വിജയിച്ച 2024 -25 അദ്ധ്യയന വർഷത്തിൽ ആർട് സ് ഗ്രേസ് മാർക്കിന് അർഹത നേടിയ ഒന്ന്/രണ്ട്/മൂന്ന് വർഷ ബിരുദ വിദ്യാർത്ഥികൾ, ഒന്ന്/രണ്ട് വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾ, ഇന്റഗ്രേറ്റഡ് പി ജി വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും ആർട് സ് ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

എൻഎസ്എസ് ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ പ്രിൻസിപ്പലിന്റെ സത്യവാങ്മൂലം, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ, ഹാൾടിക്കറ്റ്/ മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയത് സഹിതം എൻഎസ്എസ് പ്രോഗ്രാം കോർഡിനേറ്റർക്കും ആർട് സ് ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ (ബിരുദ, ബിരുദാനന്തര ബിരുദ, ഇന്റഗ്രേറ്റഡ് പി ജി പ്രോഗ്രാമുകൾക്ക്) രജിസ്റ്റർ നം ക്രമത്തിലും വർഷാടിസ്ഥാനത്തിലും ബന്ധപ്പെട്ട മെറിറ്റ് സർട്ടിഫിക്കറ്റുകൾ, ഹാൾടിക്കറ്റ് / മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയത് സഹിതം പ്രത്യേകം പ്രത്യേകമായി വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടർക്കുമായി സർവകലാശാല താവക്കര ആസ്ഥാനത്തെ വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടറുടെകാര്യാലയത്തിൽ (അമിനിറ്റി സെന്റർ) **2025 ഏപ്രിൽ 21 -ന് വൈകിട്ട് 4 മണി വരെ നേരിട്ട് സമർപ്പിക്കേണ്ടതാണ്**

വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടർ

DIRECTOR
STUDENT SERVICES
KANNUR UNIVERSITY

സ്വീകർത്താവ്

1. എല്ലാ പത്ര മാധ്യമങ്ങൾക്കും (പ്രസിദ്ധീകരണത്തിന്)
2. വെബ് മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)